ഉത്തരം

(എ) ബാധകമാണ്.

(ബി) ഒഴിവാക്കിയിട്ടില്ല.

(സി) 2,24,500 രൂപ.

(ഡി) ഈടാക്കാറുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആന്വൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട്

302 (3814) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏത് വർഷം വരെയുള്ള ആന്വൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട് ആണ് സഭയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അവസാനമായി സഭ അംഗീകരിച്ചതിന് ശേഷം എത്ര രൂപയാണ് സർക്കാർ ബജനാവിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നു കൂടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നൽകാൻ വീഴ്ച വരുത്തിയിട്ടുള്ളത് ഏതൊക്കെ വർഷങ്ങളിലാണ്; ഇതിൽ കാരണക്കാർ ആരൊക്കെ എന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട്

303 (3815) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട് വളരെ വർഷങ്ങളായി യഥാസമയം നിയമസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷത്തെ ഭരണ റിപ്പോർട്ടാണ് പ്രസ്തുത സ്ഥാപനം ഏറ്റവും ഒടുവിലായി നിയമസഭയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly